**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 165** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ശസ്ത്രക്രിയക്ക് വിധേയയായ സ്ത്രീയുടെ വയറ്റിൽ സിസേഴ്സ് കണ്ടെത്തിയ സംഭവം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. കല്ലട്ര മാഹിൻ
ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗർഭാശയം നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയക്ക് വിധേയമായ സ്ത്രീയുടെ വയറ്റിൽ മെറ്റ്സെൻബോം സിസ്സേഴ്സ് കണ്ടെത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നറിയിക്കാമോ;

**<u>മറുപടി:</u>** ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗർഭാശയം നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയക്ക് വിധേയയായ സ്ത്രീയുടെ വയറ്റിൽ മെറ്റ്സെൻബോം സിസ്സേഴ്സ് കണ്ടെത്തിയ സംഭവത്തിൽ വകുപ്പ്തല വിദഗ്ധ സമിതി അന്വേഷണം നടത്തി സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഭവം നടന്ന സമയത്ത് ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ ഒബസ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ഡോക്ടർ ഷാഹിദ.ജെ-യെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ഡോ.ഷാഹിദ.ജെ നിലവിൽ സർവീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടികൾ തുടർന്ന് വരുന്നു.

**(ബി)** പ്രസ്തുത വിഷയത്തിൽ കുറ്റക്കാരായവർ ആരെല്ലാമാണെന്നാണ് കണ്ടെത്തിയിരിക്കുന്നതെന്നറിയിക്കാമോ;

**<u>മറുപടി:</u>** ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗർഭാശയം നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയക്ക് വിധേയയായ സ്ത്രീയുടെ വയറ്റിൽ മെറ്റ്സെൻബോം സിസ്സേഴ്സ് കണ്ടെത്തിയ സംഭവത്തിൽ വകുപ്പ്തല വിദഗ്ധ സമിതി അന്വേഷണം നടത്തി സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഭവം നടന്ന സമയത്ത് ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ ഒബസ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ഡോക്ടർ ഷാഹിദ.ജെ-യെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ഡോ.ഷാഹിദ.ജെ നിലവിൽ സർവീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടികൾ തുടർന്ന് വരുന്നു.

**(സി)** തുടർച്ചയായുണ്ടാകുന്ന ചികിത്സാ പിഴവുകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഓപ്പറേഷൻ തിയറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, സർജിക്കൽ എറർ തടയുന്നതിനുള്ള സർജിക്കൽ പ്രോട്ടോക്കോൾ പുറപ്പെടുവിച്ച് ആയത് പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിന് വേണ്ട ട്രെയിനിംഗും, ഓറിയന്റേഷൻ ക്ലാസ്സുകളും നൽകി വരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറെയും, തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിങ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിങ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**